വി.എസ്സിന്റെ നിലപാടിൽ വെട്ടിലായത് കേന്ദ്ര നേതൃത്വം

പ്രത്യേക ലേഖകൻ

ന്യൂഡൽഹി: മുല്ലപ്പെരിയാർ വിഷയത്തിൽ പാർട്ടി നിലപാടിനെതിരെ വി.എസ്. അച്യുതാനന്ദൻ രംഗത്തുവന്നതോടെ വെട്ടിലായത് സി.പി.എം. കേന്ദ്ര നേതൃത്വം. പുതിയ അണക്കെട്ടെന്ന കേരളത്തിന്റെ ആവശ്യത്തെക്കുറിച്ച് മൗനം പാലിക്കുന്ന പൊളിറ്റ് ബ്യൂറോയുടെ നിലപാട് ഈ വിഷയത്തിൽ പാർട്ടി നേരിടുന്ന ആശയക്കുഴപ്പം വ്യക്തമാക്കുന്നു. അതേസമയം, വി.എസ്. അച്യുതാനന്ദൻ നടത്തുന്ന നിരാഹാര സമരത്തെക്കുറിച്ചുള്ള ചോദ്യത്തിന് നേരിട്ടുള്ള മറുപടി തരാതെ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഒഴിഞ്ഞുമാറി.

തമിഴ്നാട്ടിൽ നിന്നുള്ള സി.പി.എമ്മിന്റെ പാർലമെന്റ് അംഗം പി.ആർ. നടരാജൻ പാർട്ടി പൊളിറ്റ് ബ്യൂറോയുടെ നിലപാട് കേരളത്തിനൊപ്പമല്ലെന്ന് പ്രഖ്യാപിച്ചിരുന്നു. ഇത് വിവാദമായതിനെ തുടർന്നാണ് പി.ബി. യോഗം കൂടിയ ശേഷം പത്രക്കുറിപ്പ് ഇറക്കിയത്. ഇരുസംസ്ഥാനങ്ങളും തമ്മിൽ ചർച്ച ചെയ്ത് പ്രശ്നത്തിന് പരിഹാരം കാണാൻ കേന്ദ്ര സർക്കാർ ഇടപെടണമെന്നാണ് സി.പി.എം. പറയുന്നത്. ഈ നിലപാട് മധ്യകേരളത്തിലെ നാലു ജില്ലകളിലും കേരളത്തിലുടനീളവും ഇപ്പോഴുള്ള ജനവികാരത്തോട് ചേർന്നു പോകുന്നതല്ല.

കേരളത്തിലെ പാർട്ടി സ്വീകരിച്ചിരിക്കുന്ന നയം പുതിയ അണക്കെട്ട് വേണമെന്നാണ്. ആറു മാസം മുമ്പ് അധികാരത്തിലായിരുന്നപ്പോഴും ഇടതുമുന്നണി സർക്കാറാണ് മുല്ലപ്പെരിയാറിന്റെ കാര്യത്തിൽ കർക്കശ നിലപാട് സ്വീകരിച്ചത്. പുതിയ അണക്കെട്ടെന്ന കേരളത്തിന്റെ വികാരത്തിന് നേരേ മുഖംതിരിഞ്ഞു നിൽക്കുന്ന സി.പി.എം. നിലപാട് തിരിച്ചടിക്കുമെന്ന ഭയം പാർട്ടിയിൽ ഒരു വിഭാഗത്തിനുണ്ട്.

പി.ബി. നിലപാട് തിരുത്തണമെന്ന് വി.എസ്. പരസ്യമായി ആവശ്യപ്പെട്ടത് ദേശീയ നേതൃത്വത്തിന് മുഖത്തടി ലഭിച്ചതുപോലെയാണ്. ദേശീയ നേതൃത്വത്തിന് ഒരു സംസ്ഥാനത്തിനു വേണ്ടി മാത്രമായി നിലപാട് എടുക്കാൻ പറ്റില്ലെന്ന വാദമാണ് പാർട്ടി കേന്ദ്രങ്ങൾ നൽകുന്നത്. അതേസമയം, പാർട്ടിക്ക് ഏറ്റവും ശക്തമായ അടിത്തറയുള്ള സംസ്ഥാനത്ത് ഇത്തരമൊരു നിലപാട് തിരിച്ചടിക്കുമെന്ന ഭയവുമുണ്ട്. അതേസമയം, കോൺഗ്രസ്, ബി.ജെ.പി. പോലുള്ള മറ്റ് ദേശീയ പാർട്ടികളും മുല്ലപ്പെരിയാർ വിഷയത്തിൽ നിലപാട് വ്യക്തമാക്കിയിട്ടില്ലെന്ന് സി.പി.എം. കേന്ദ്രങ്ങൾ ചൂണ്ടിക്കാണിക്കുന്നു.

തിരുത്തണമെന്ന വി.എസ്സിന്റെ പരസ്യ നിലപാടിനോട് ദേശീയ നേതൃത്വം പ്രതികരിച്ചിട്ടില്ല. എന്നാൽ, ആ പ്രഖ്യാപനം പാർട്ടി നേതൃത്വത്തെ കടുത്ത സമ്മർദത്തിലാക്കിയിട്ടുണ്ട്.

അണക്കെട്ടിനെക്കുറിച്ചുള്ള യഥാർഥ ആശങ്ക പ്രകടിപ്പിക്കാൻ പലതരത്തിലുള്ള സമരം നടത്തുന്നത് സ്വഭാവികമാണെന്ന് വി.എസ്സിന്റെ സമരത്തെ കുറിച്ചുള്ള ചോദ്യത്തിന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി മറുപടി നൽകി. എന്നാൽ, സമരങ്ങളിൽ ആത്മസംയമനം പാലിക്കണമെന്നും അദ്ദേഹം പറഞ്ഞു. ഇത്തരം കാര്യങ്ങളിൽ വിവാദത്തിനില്ലെന്നും അദ്ദേഹം പറഞ്ഞു. ഇടതുമുന്നണി പ്രഖ്യാപിച്ച മനുഷ്യമതിലിന് മന്ത്രി പി.ജെ. ജോസഫ് പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ടല്ലോ എന്ന ചോദ്യത്തിന് അക്കാര്യം പി.ജെ. ജോസഫിനോട് ആരായണമെന്ന് ഉമ്മൻചാണ്ടി മറുപടി നൽകി.

ഭൂചലനങ്ങൾ അണക്കെട്ടിനെ ബാധിച്ചിട്ടില്ല; ഭീതി പരത്തരുത്

■ ബലക്ഷയം വന്ന ഡാം 24 മണിക്കൂറും നിരീക്ഷിക്കണം ■

ഡോ. സി.പി. രാജേന്ദ്രൻ
(ഭൂകമ്പ ശാസ്ത്രജ്ഞൻ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ബാംഗ്ലൂർ)

ഈയിടെ ഇടുക്കിയിലുണ്ടായ ഭൂചലനങ്ങളൊന്നും മുല്ലപ്പെരിയാർ അണക്കെട്ടിനെ ബാധിച്ചിട്ടില്ല. കാര്യങ്ങളറിയാതെ അണക്കെട്ട് ഇപ്പോൾ പൊട്ടുമെന്ന് പറഞ്ഞ് ഭീതി പരത്തുന്നത് ശരിയല്ല. ഇത്രയൊന്നും ഭയപ്പെടേണ്ട സാഹചര്യം ഇപ്പോൾ ഉണ്ടായിട്ടില്ല. ഈ ചലനങ്ങളെല്ലാം മുല്ലപ്പെരിയാർ അണക്കെട്ടിന് 30 കിലോമീറ്റർ അകലെയാണ് ഉണ്ടായിരിക്കുന്നത്. റിക്ടർ സ്കെയിലിൽ 3.5 മുതൽ നാല് വരെയുള്ള ചെറിയ ചലനങ്ങൾക്ക് അണക്കെട്ടിനെ അസ്ഥിരപ്പെടുത്താനാവില്ല.

ഇതിലും വലിയ ഭൂചലനങ്ങൾ ഇടുക്കിയിൽ നേരത്തേ ഉണ്ടായിട്ടുണ്ട്. ഇതുമൂലം അണക്കെട്ടിൽ വിള്ളലുകളുണ്ടായതായി പഠനങ്ങളിൽ കണ്ടെത്തിയിട്ടില്ല. 1988-ൽ ഇടുക്കിയിലെ നെടുങ്കണ്ടത്ത് 4.5 തീവ്രതയുള്ള ചലനമുണ്ടായിട്ടുണ്ട്. മാത്രമല്ല, 2000-ത്തിൽ ഈരാറ്റുപേട്ടയിൽ അഞ്ച് തീവ്രതയുള്ള ഭൂചലനവും തുടർന്ന് 2001 ജനവരിയിൽ പാലായിൽ 4.8 തീവ്രതയുള്ള ചലനവും ഉണ്ടായി. ഇതൊന്നുംതന്നെ അണക്കെട്ടിനെ ബാധിച്ചിട്ടില്ല.

ഭൂചലനം ഉണ്ടായാൽ ഉടനെ അണക്കെട്ടിൽ പോയി നോക്കി ചോർച്ച കൂടി എന്ന് പറയുന്നത് ബുദ്ധിശൂന്യമാണ്. സുർക്കി ഉപയോഗിച്ച് പണിത അണക്കെട്ടിൽ നേരിയ ചോർച്ച പല സ്ഥലത്തും ഉണ്ടാകും. അത് ഭൂചലനംകൊണ്ട് ഉണ്ടായതാണെന്ന് പറഞ്ഞ് പരത്തരുത്.

മുല്ലപ്പെരിയാർ അണക്കെട്ടിനടുത്തായി പല ഭ്രംശമേഖലകളുമുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഉണ്ടായ ഭൂചലനങ്ങൾ അണക്കെട്ടിനെ ബാധിക്കുന്നതായി പഠനങ്ങളിൽ തെളിഞ്ഞിട്ടില്ല. ഇപ്പോഴത്തെ ചലനങ്ങളെല്ലാം ഇടുക്കി അണക്കെട്ടുമൂലമുള്ള പ്രേരിതചലനങ്ങളാണ്. അണക്കെട്ടിനടുത്ത് ഇത്തരം പ്രേരിത ചലനങ്ങൾ സ്വാഭാവികമാണ്. ഇതിൽ ഭയപ്പെടേണ്ടതില്ല.

വലിയ ഭൂചലനത്തിന് മുന്നോടിയായുള്ള മുൻ ആഘാതമായി ഈ ചെറിയ ചലനങ്ങളെ കാണാനാവില്ല. കേരളത്തിൽ വലിയ ഭൂചലനം ഉണ്ടാകാനുള്ള സാധ്യതയും കുറവാണ്.

പഴയ അണക്കെട്ടിന് ബലക്ഷയമുണ്ട്. ഇതിൽ സംശയമില്ല. പുതിയ അണക്കെട്ട് പണിയണം. പക്ഷേ, ജനങ്ങളെ ഭയപ്പെടുത്തുന്ന തരത്തിലുള്ള പ്രചാരണങ്ങൾ നിയന്ത്രിക്കാൻ നടപടി കൾ അത്യാവശ്യമാണ്.

പഠനങ്ങളുടെ അടിസ്ഥാനത്തിലാണ് അണക്കെട്ട് പൊളിച്ചുമാറ്റണമെന്ന് പറയുന്നത്. അതിന്റെ അർഥം, ഉടനെ അണക്കെട്ട് തകരുമെന്നല്ല. പുതിയ അണക്കെട്ട് പണിയാൻ കാലങ്ങളെടുക്കും. വേണ്ട മുൻകരുതലെടുത്ത് പഴയ അണക്കെട്ട് പൊളിച്ചുമാറ്റണം. ജലനിരപ്പ് ഒരു കാരണവശാലും കൂട്ടരുത്.

അണക്കെട്ട് 24 മണിക്കൂറും നിരീക്ഷിക്കാനുള്ള സാങ്കേതിക സംവിധാനം ഒരുക്കണം. അണക്കെട്ടിൽ ജലമർദംമൂലമുള്ള പ്രശ്നങ്ങളും മറ്റ് തകരാറുകളും കണ്ടുപിടിക്കാനുള്ള ആധുനിക ഉപകരണങ്ങൾ നിലവിലുണ്ട്. ഇതെല്ലാം സ്ഥാപിക്കണം. അണക്കെട്ടിനടുത്തുണ്ടാകുന്ന ഭൂചലനങ്ങൾ നിരീക്ഷിക്കാനും പഠിക്കാനുമുള്ള സംവിധാനങ്ങൾ ഇപ്പോൾ സംസ്ഥാനത്തുണ്ട്.

അണക്കെട്ട് വിരുദ്ധസമരക്കാർ ടർബൈൻ നീക്കം തടഞ്ഞു

ലഖിംപൂർ: അസമിലെ വൻ അണക്കെട്ടുകൾക്കെതിരെ പ്രതിഷേധം നടത്തുന്നവർ ഗുരുമുഖിലുള്ള സുബൻസിരി ജലവൈദ്യുതി പദ്ധതി പ്രദേശത്തേക്ക് ടർബൈനുകൾ കൊണ്ടുപോകുന്നത് തടഞ്ഞു. ചർച്ചയ്ക്ക് തയ്യാറാണെന്ന് മുഖ്യമന്ത്രി തരുൺ ഗൊഗോയി അറിയിച്ചിട്ടും പ്രക്ഷോഭകാരികൾ കൂട്ടാക്കിയില്ല.

അസം-അരുണാചൽ അതിർത്തിയിൽ ദേശീയ ജലവൈദ്യുത കോർപ്പറേഷൻ പണിയുന്ന അണക്കെട്ടിനായി കൊണ്ടുവന്നതായിരുന്നു ടർബൈനുകൾ. 26 സംഘടനകളിൽപ്പെട്ട പ്രക്ഷോഭകാരികളും നൂറുകണക്കിന് നാട്ടുകാരും ചേർന്നാണ് ടർബൈനുകളുമായി എത്തിയ ട്രക്കുകൾ തടഞ്ഞത്.

ഭൂകമ്പസാധ്യത കൂടിയ മേഖലയിലാണ് അസമെന്നും ഇവിടത്തെ പാറകൾ അണക്കെട്ട് നിർമിക്കാൻ വേണ്ട കാഠിന്യമില്ലാത്തവയാണെന്നും പ്രതിഷേധ സമരങ്ങൾക്ക് നേതൃത്വം നൽകുന്ന കൃഷക്മുക്തി സംഗ്രാം സമിതി നേതാവ് അഖിൽ ഗൊഗോയ് പറഞ്ഞു.

ടർബൈനുകൾ തിരിച്ചയയ്ക്കില്ലെന്ന് വ്യക്തമാക്കിയ മുഖ്യമന്ത്രി പ്രതിഷേധക്കാർ മുന്നോട്ട് വന്നാൽ ചർച്ചയ്ക്ക് തയ്യാറാണെന്ന് അറിയിച്ചു.

തമിഴ്നാടിന്റെ വാദങ്ങൾക്ക് ശാസ്ത്രീയ പിൻബലമില്ലെന്ന് പ്രധാനമന്ത്രിയോട് ഉമ്മൻചാണ്ടി

എം.പി.മാർ സ്പീക്കർക്ക് കത്ത് നൽകി ■ ത്രികക്ഷി കരാറിന് തയ്യാർ ■ ഇടുക്കി ജലനിരപ്പ് താഴ്ത്തും

പി.കെ. മണികണ്ഠൻ

ന്യൂഡൽഹി: മുല്ലപ്പെരിയാർ അണക്കെട്ട് സംബന്ധിച്ച തമിഴ്നാടിന്റെ വാദങ്ങൾക്ക് ശാസ്ത്രീയ പിൻബലമില്ലെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പ്രധാനമന്ത്രിയെ അറിയിച്ചു. 115 വർഷം പഴക്കമുള്ള അണക്കെട്ട് സുരക്ഷിതമാണെന്നും കേരളത്തിന്റെ ആശങ്ക അടിസ്ഥാനമില്ലാത്തതാണെന്നുമാണ് തമിഴ്നാടിന്റെ വാദം. എന്നാൽ ഒരു ശാസ്ത്രീയപഠനത്തിന്റെയും പിൻബലമില്ലാതെയാണ് തമിഴ്നാട് ഇതു പറയുന്നതെന്നും വെള്ളിയാഴ്ച പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ്ങിനെ സന്ദർശിച്ച് നൽകിയ നിവേദനത്തിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി അഭിപ്രായപ്പെട്ടു.

മുല്ലപ്പെരിയാർ വിഷയത്തിൽ കേന്ദ്രസർക്കാറിന്റെ അടിയന്തര ഇടപെടൽ തേടി ഡൽഹിയിലെത്തിയ മുഖ്യമന്ത്രി കേരളത്തിൽനിന്നുള്ള എം.പി.മാരുടെ യോഗം വിളിച്ച് പൊതു സ്ഥിതിഗതികൾ അവലോകനം ചെയ്തു. അപകടം ഒഴിവാക്കാനായി ഇടുക്കി അണക്കെട്ടിൽ ജലനിരപ്പ് താഴ്ത്തുമെന്ന് മുഖ്യമന്ത്രി യോഗത്തിൽ അറിയിച്ചു.

ഇടുക്കിയിലെ ജലനിരപ്പ് 60 അടിയോളമാക്കി താഴ്ത്താനാണ് സർക്കാർ തീരുമാനം. ജലനിരപ്പ് താഴ്ത്താൻ പവർ ജനറേറ്ററുകൾ പൂർണമായും പ്രവർത്തിപ്പിച്ച് കൂടുതൽ വൈദ്യുതി ഉത്പാദനം നടത്തും. ജനജീവിതം സുരക്ഷിതമാക്കാൻ പുനരധിവാസ നടപടികളെടുക്കുമെന്നും മുഖ്യമന്ത്രി എം. പി.മാരെ അറിയിച്ചു.

പ്രധാനമന്ത്രിയും കേന്ദ്ര ജലവിഭവ മന്ത്രിയുമായുള്ള ചർച്ചകളുടെ വിശദാംശങ്ങളും യോഗം വിശകലനം ചെയ്തു. തമിഴ്നാടുമായുള്ള പ്രശ്നപരിഹാരത്തിന് ഉദ്യോഗസ്ഥതല ചർച്ച തുടക്കമാവുമെന്നാണ് സംസ്ഥാനത്തിന്റെ പ്രതീക്ഷ. മുല്ലപ്പെരിയാർ പ്രദേശത്തെ ജനങ്ങളുടെ ഭീതിയും എം.എൽ.എ.മാരടക്കമുള്ളവർ നടത്തുന്ന സമരങ്ങളും മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് നൽകിയ നിവേദനത്തിൽ വിവരിച്ചു.

ഇപ്പോഴുള്ള അണക്കെട്ടിന്റെ 1,300 അടി താഴെയായാണ് പുതിയ അണക്കെട്ട് കേരളം സ്വന്തം ചെലവിൽ നിർമിക്കുക. തമിഴ്നാടിന് ഇപ്പോൾ നൽകുന്ന വെള്ളത്തിന്റെ അളവിൽ മാറ്റമുണ്ടാവില്ല. മറ്റ് കാര്യങ്ങളെല്ലാം ഉഭയകക്ഷി കരാറായോ മൂന്നാം കക്ഷിയെ ഉൾപ്പെടുത്തിയുള്ള കരാറായോ ഉറപ്പ് നൽകാൻ കേരളം തയ്യാറാണ്. എന്നാൽ അണക്കെട്ടിന്റെ ബലക്ഷയം അംഗീകരിക്കാനും യാഥാർഥ്യം ബോധ്യപ്പെടാനും തമിഴ്നാട് തയ്യാറായാലേ ഇത്തരം ചർച്ചകൾക്കെല്ലാം തുടക്കമിടാൻ കഴിയൂവെന്നും മുഖ്യമന്ത്രി പ്രധാനമന്ത്രിയെ അറിയിച്ചു.

''റൂർക്കി ഐ.ഐ.ടി. നടത്തിയ ഭൂകമ്പപഠനത്തിന്റെയും ഡൽഹി ഐ.ഐ.ടി. നടത്തിയ വെള്ളപ്പൊക്ക പഠനത്തിന്റെയും ശാസ്ത്രീയ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് പുതിയ അണക്കെട്ടുനിർമാണം കേരളം ആവശ്യപ്പെടുന്നത്. സമീപകാലത്തുണ്ടായ ഭൂചലനങ്ങൾ സുരക്ഷയെക്കുറിച്ച് ആശങ്കയുണർത്തുന്നു. എന്നാൽ തമിഴ്നാടിന്റെ എതിർവാദങ്ങൾക്ക് ഒരു ശാസ്ത്രീയ പിൻബലവുമില്ല''- ഉമ്മൻചാണ്ടി പറഞ്ഞു. കൂടംകുളം ആണവനിലയത്തെ തമിഴ്നാട് എതിർക്കുന്നത് സുരക്ഷയെക്കുറിച്ചുള്ള ആശങ്കയെത്തുടർന്നാണ്. എന്നാൽ മുല്ലപ്പെരിയാർ അണക്കെട്ടിലെ സുരക്ഷയെക്കുറിച്ചുള്ള കേരളത്തിന്റെ ആശങ്ക മനസ്സിലാക്കാൻ തമിഴ്നാട് തയ്യാറാവുന്നില്ല.

മുല്ലപ്പെരിയാറിലെ സ്ഥിതിവിശേഷങ്ങൾ നേരിട്ട് മനസ്സിലാക്കാൻ എം.പി.മാരടങ്ങുന്ന സർവകക്ഷി സംഘത്തെ അയയ്ക്കണമെന്നാവശ്യപ്പെട്ട് കേരളത്തിൽനിന്ന് എം.പി.മാർ ലോക്സഭാ സ്പീക്കർ മീരാകുമാറിന് കത്ത് നൽകി. പ്രദേശത്തെ ജനങ്ങൾ പ്രാണഭയത്തിലാണെന്നും എം.പി.മാർ സ്പീക്കറെ അറിയിച്ചു.

കേരളം വീണ്ടും സുപ്രീംകോടതിയെ സമീപിക്കും

ന്യൂഡൽഹി: മുല്ലപ്പെരിയാർ പ്രശ്നത്തിൽ കേരളം വീണ്ടും സുപ്രീംകോടതിയെ സമീപിക്കാനൊരുങ്ങുന്നു. ഇതു സംബന്ധിച്ചുള്ള നിയമപരമായ വശങ്ങൾ ആലോചിക്കാനും ചർച്ച ചെയ്യാനുമായി സംസ്ഥാന ജലവിഭവ മന്ത്രി പി.ജെ. ജോസഫ് ശനിയാഴ്ച ഡൽഹിയിലെത്തും.

ഇടുക്കിയിൽ സമീപദിവസങ്ങളിലുണ്ടായ തുടർച്ചയായ ഭൂചലനങ്ങളും അണക്കെട്ടിനെക്കുറിച്ചുയർന്ന ആശങ്കയും ജനങ്ങളുടെ ഭീതിയും സുപ്രീംകോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് സംസ്ഥാന സർക്കാറിന്റെ നീക്കം.

മുല്ലപ്പെരിയാർ തർക്കം സുപ്രീംകോടതി നിയോഗിച്ച ഉന്നതാധികാര സമിതി പരിഗണിക്കുന്നതിനാൽ സാധാരണരീതിയിലുള്ള അപേക്ഷയോ ഹർജിയോ കോടതി സ്വീകരിക്കാനിടയില്ല. ഈ സാഹചര്യത്തിൽ ഭൂചലനവും പുതിയ സ്ഥിതിവിശേഷങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ വിദഗ്ധറിപ്പോർട്ടുകൾ സഹിതം സുപ്രീംകോടതിയുടെ ശ്രദ്ധയിൽക്കൊണ്ടുവരാനാണ് സർക്കാറിന്റെ ശ്രമം. മുല്ലപ്പെരിയാർ കേസിൽ സുപ്രീംകോടതിയിൽ കേരളത്തിനു വേണ്ടി ഹാജരായ അഭിഭാഷകൻ ഹരീഷ് സാൽവെയടക്കമുള്ള നിയമവിദഗ്ധരുമായി മന്ത്രി പി. ജെ. ജോസഫ് ചർച്ച നടത്തും. മുല്ലപ്പെരിയാർ ഉന്നതാധികാര സമിതി യോഗം തിങ്കളാഴ്ച ചേരുമ്പോൾ സ്വീകരിക്കേണ്ട സമീപനങ്ങളും മന്ത്രി അവലോകനം ചെയ്യും. കേരളം അനാവശ്യഭീതി സൃഷ്ടിക്കുന്നതായി തമിഴ്നാട് സർക്കാർ സുപ്രീംകോടതിയിൽ കഴിഞ്ഞ ദിവസം ഹർജി നൽകിയ സാഹചര്യത്തിൽ കൂടിയാണ് കേരളത്തിന്റെ നീക്കമെന്നറിയുന്നു.

അതേസമയം, മുല്ലപ്പെരിയാർ ഉന്നതാധികാര സമിതി യോഗത്തിൽ പങ്കെടുക്കാനായി സംസ്ഥാന അഡീഷണൽ ചീഫ് സെക്രട്ടറി കെ. ജയകുമാറും തമിഴ്നാട് പൊതുമരാമത്തു വകുപ്പ് സെക്രട്ടറി സായികുമാറും ഡൽഹിയിലെത്തുന്നുണ്ട്. ഉദ്യോഗസ്ഥതലചർച്ചയ്ക്ക് കേരളത്തെയും തമിഴ്നാടിനെയും ഈ ഉദ്യോഗസ്ഥരാണ് പ്രതിനിധാനം ചെയ്യുകയെന്നും അറിയുന്നു.

ചന്ദോലിയയുടെ ജാമ്യം ഹൈക്കോടതി സ്റ്റേ ചെയ്തു

ന്യൂഡൽഹി: 2ജി സ്പെക്ട്രം കേസിൽ മുൻ ടെലികോംമന്ത്രി എ. രാജയുടെ പ്രൈവറ്റ് സെക്രട്ടറി ആർ. കെ. ചന്ദോലിയയുടെ ജാമ്യം ഡൽഹി ഹൈക്കോടതി സ്റ്റേ ചെയ്തു. ഇതു സംബന്ധിച്ച മാധ്യമറിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടതിനെത്തുടർന്ന് കോടതി സ്വമേധയാ നടപടിയെടുക്കുകയായിരുന്നു. സി.ബി.ഐ. കോടതി ജാമ്യം അനുവദിച്ചതിനെത്തുടർന്ന് ബുധനാഴ്ച വൈകിട്ട് ചന്ദോലിയ തിഹാർ ജയിലിൽ നിന്നിറങ്ങിയിരുന്നു.

രാജയുടെ പ്രൈവറ്റ് സെക്രട്ടറിയെന്നനിലയിൽ ഇടപാടിൽ ചന്ദോലിയയ്ക്ക് നേരിട്ട് പങ്കില്ലെന്നും കൈക്കൂലി വാങ്ങിയതായി ആരോപണമില്ലെന്നും ചൂണ്ടിക്കാട്ടിയാണ് ജാമ്യം അനുവദിച്ചത്. രാജയോടും ടെലികോം സെക്രട്ടറി സിദ്ധാർഥ് ബെഹൂറയോടും ചന്ദോലിയയെ താരതമ്യം ചെയ്യാനാവില്ലെന്ന് ചൂണ്ടിക്കാട്ടിയ സി.ബി.ഐ. കോടതി ജഡ്ജി ഒ.പി. ഷൈനി ഡി.എം.കെ. എം.പി. കനിമൊഴി ഉൾപ്പെടെ 11പ്രതികൾക്ക് ജാമ്യം ലഭിച്ചതും കണക്കിലെടുത്തിരുന്നു.

കേരളത്തിന് കൂടുതൽ വൈദ്യുതി

ന്യൂഡൽഹി: കേന്ദ്രത്തിൽ നിന്ന് സംസ്ഥാനത്തിന് 135 മെഗാവാട്ട് അധിക വൈദ്യുതി അനുവദിച്ചതായി കേന്ദ്ര ഊർജ സഹമന്ത്രി കെ.സി. വേണുഗോപാൽ അറിയിച്ചു. ശനിയാഴ്ച മുതൽ ഇത് കേരളത്തിന് കിട്ടിത്തുടങ്ങും. എൻ.ടി.പി.സി.യുടെ കായംകുളം താപനിലയത്തിൽ നിന്നുള്ള താരതമ്യേന വിലകൂടിയ വൈദ്യുതിയുമായി ഇപ്പോൾ അനുവദിച്ച വൈദ്യുതി നിരക്കിൽ കെ.എസ്.ഇ.ബിക്ക് നേട്ടമുണ്ടാകും. ഇത് കണക്കിലെടുത്താണ് കേന്ദ്ര ഊർജമന്ത്രാലയത്തിന്റെ നടപടിയെന്ന് മന്ത്രി വിശദീകരിച്ചു.

ഭൻവാരിദേവി കേസ്: മദേർനയെ വീണ്ടും ചോദ്യം ചെയ്തു

ജോധ്പുർ: രാജസ്ഥാനിൽ നഴ്സ് ഭൻവാരിദേവിയെ കാണാതായ കേസിലെ മൂന്ന് പ്രതികൾക്കെതിരെ സി.ബി.ഐ. കോടതിയിൽ കുറ്റപത്രം നൽകി. കേസുമായി ബന്ധപ്പെട്ട് ദേവിയുടെ ഭർത്താവ് അമർചന്ദ്നാഥ്, പുറത്താക്കപ്പെട്ട സംസ്ഥാനമന്ത്രി മഹിപാൽ മദേർന, കോൺഗ്രസ് എം.പി. മൽഖൻ സിങ്ങിന്റെ സഹോദരൻ പരസ്റാം ബിഷ്ണോയി എന്നിവരെ സി.ബി.ഐ. വെള്ളിയാഴ്ച വീണ്ടും ചോദ്യം ചെയ്തു. ആദ്യമായാണ് കേസിലെ മുഖ്യപ്രതി മദേർനയെയും അമർചന്ദിനെയും ഒരുമിച്ച് സി.ബി.ഐ. വിളിച്ചുവരുത്തുന്നത്.

ഫിബ്രവരി 28ന് ട്രേഡ് യൂണിയനുകളുടെ സമരം

ന്യൂഡൽഹി: അടുത്ത വർഷത്തെ ബജറ്റ് അവതരിപ്പിക്കുന്നതിന്റെ തലേദിവസമായ ഫിബ്രവരി 28ന് വിവിധ ട്രേഡ് യൂണിയനുകൾ ദേശവ്യാപക സമരം നടത്തും. ഐ. എൻ. ടി. യു. സി, ബി. എം. എസ്, സി. ഐ. ടി. യു, എച്ച്. എം. എസ് തുടങ്ങിയ സംഘടനകൾ പങ്കെടുക്കും.

വിലക്കയറ്റം, അഴിമതി, തൊഴിലാളി നിയമങ്ങൾ നടപ്പിലാക്കാതിരിക്കൽ തുടങ്ങിയവയ്ക്കെതിരെയാണ് സമരമെന്ന് വിവിധ ട്രേഡ് യൂണിയൻ നേതാക്കൾ സംയുക്ത പ്രസ്താവനയിൽ പറഞ്ഞു.

സന്തോഷ് മാധവന്റെ ജാമ്യാപേക്ഷ മാറ്റി

ന്യൂഡൽഹി: പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ ബലാത്സംഗം ചെയ്ത കേസിൽ എട്ട് കൊല്ലം തടവുശിക്ഷ ലഭിച്ച വിവാദ സന്ന്യാസി സന്തോഷ് മാധവന്റെ ജാമ്യാപേക്ഷ സുപ്രീംകോടതി മാറ്റി. ഹർജിക്ക് അടിയന്തരസ്വഭാവമില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് ജസ്റ്റിസുമാരായ എ.കെ. ഗാംഗുലി, ജെ.എസ്. കേഹർ എന്നിവരടങ്ങുന്ന ബെഞ്ച് മാറ്റിയത്.

ബാലകൃഷ്ണയുടെ ഹർജി തള്ളി

ഡെറാഡൂൺ: വ്യാജ പാസ്പോർട്ട് ചമച്ചതായി ആരോപിച്ച് തനിക്കെതിരെ സി.ബി.ഐ. എടുത്ത കേസ് റദ്ദാക്കണമെന്നാവശ്യപ്പെട്ട് യോഗഗുരു ബാബ രാംദേവിന്റെ ഉറ്റ സഹായി ആചാര്യ ബാലകൃഷ്ണ നൽകിയ ഹർജി ഉത്തരാഖണ്ഡ് ഹൈക്കോടതി തള്ളി. അതേസമയം, കേസിൽ കുറ്റപത്രം സമർപ്പിക്കുന്നതുവരെ അറസ്റ്റ് തടഞ്ഞ് കോടതി നേരത്തേ പുറപ്പെടുവിച്ച സ്റ്റേയുടെ കാലാവധി തുടരാനും കോടതി നിർദേശിച്ചു.

ലക്ഷ്മണയുടെ ഹർജിയിൽ സി.ബി.ഐ.ക്ക് നോട്ടീസ്

ന്യൂഡൽഹി: നക്സൽ നേതാവ് വർഗീസ് വധക്കേസിൽ ലഭിച്ച ജീവപര്യന്തം തടവുശിക്ഷ റദ്ദാക്കണമെന്നും ജാമ്യം അനുവദിക്കണമെന്നും ആവശ്യപ്പെട്ട് മുൻ ഐ.ജി. കെ. ലക്ഷ്മണ സമർപ്പിച്ച ഹർജി സുപ്രീംകോടതി ഫയലിൽ സ്വീകരിച്ചു.

ഹർജിയിൽ മറുപടി നൽകാൻ ആവശ്യപ്പെട്ട് സി.ബി.ഐ.ക്ക് ജസ്റ്റിസുമാരായ പി. സദാശിവം, ജെ. ചെലമേശ്വർ എന്നിവരടങ്ങിയ ബെഞ്ച് നോട്ടീസയച്ചു.

ലക്ഷ്മണയ്ക്കുവേണ്ടി മുതിർന്ന അഭിഭാഷകൻ വി. ഗിരി, രഞ്ജിത് മാരാർ, ടി.എ. മുഹമ്മദ്സിദ്ദിഖ് എന്നിവർ ഹാജരായി.

നരോദപാട്യ അക്രമം: എസ്.ഐ.ടി.ക്ക് നോട്ടീസ്

അഹമ്മദാബാദ്: നരോദപാട്യ കലാപക്കേസിൽപ്രത്യേകാന്വേഷണ സംഘത്തിന് (എസ്.ഐ.ടി.) കോടതി നോട്ടീസ്. മുൻ ഡി.ജി.പി. പി. സി. പാണ്ഡെ ഉൾപ്പെടെ നാല് പോലീസുദ്യോഗസ്ഥരെ പ്രതികളാക്കണമെന്നും കൂടുതൽ അന്വേഷണം വേണമെന്നും ആവശ്യപ്പെട്ട് കലാപത്തിനിരയായവർ നൽകിയ ഹർജി പരിഗണിച്ചാണ് നടപടി.

ഡിസംബർ ഏഴിന് മുമ്പ് മറുപടി നൽകാനാണ് പ്രത്യേക ജഡ്ജി ജ്യോത്സ്ന യാഗ്നിക് എസ്.ഐ.ടിയോട് നിർദേശിച്ചത്.

2002-ൽ ഗോധ്ര തീവണ്ടി തീവെപ്പിനെത്തുടർന്ന് നരോദ പാട്യയിൽ നടന്ന കലാപത്തിൽ 95 പേർ മരിച്ചു. സംസ്ഥാനഭരണത്തിലെ ഉന്നത തലത്തിലുള്ളവർക്ക് സംഭവത്തിൽ പങ്കുണ്ടെന്ന് ഹർജിയിൽ ആരോപിക്കുന്നു.

ക്രിമിനൽ ഗൂഢാലോചനയും ഔദ്യോഗചുമതല നിർവഹിക്കുന്നതിൽ വരുത്തിയ വീഴ്ചയും അന്വേഷിക്കണമെന്നും കുറ്റക്കാരെയെല്ലാം നിയമത്തിന് മുമ്പിൽ കൊണ്ടുവരണമെന്നും ഹർജിയിൽ ആവശ്യപ്പെടുന്നു. കലാപകാലത്തെ പോലീസ് കമ്മീഷണറായിരുന്ന പി. സി. പാണ്ഡെ, ജെ.സി.പി. എം. കെ. ടണ്ഡൻ, സോണൽ ഡി.ജി.പി. പി.ബി. ഗോണ്ടിയ, നരോദ പോലീസ് ഇൻസ്പെക്ടറായിരുന്ന കെ.കെ. മൈസോർവാല എന്നിവരെയും പ്രതികളാക്കണമെന്ന് ഹർജിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

മ്യാൻമറിലെ ജനാധിപത്യപ്പോരാളി ആങ് സാൻ സ്യൂചിയുമായി കൂടിക്കാഴ്ചയ്ക്ക് യു.എസ്. വിദേശകാര്യ സെക്രട്ടറി ഹില്ലരി ക്ലിന്റൺ എത്തിയപ്പോൾ *-എ.പി.*

ഹില്ലരി സ്യൂചിയെ സന്ദർശിച്ചു

യാങ്കോൺ: മൂന്ന് ദിവസത്തെ മ്യാൻമർ സന്ദർശനത്തിനെത്തിയ യു.എസ്. വിദേശകാര്യ സെക്രട്ടറി ഹില്ലരി ക്ലിന്റൺ ജനാധിപത്യപ്പോരാളി ആങ് സാൻ സ്യൂചിയുമായി ചർച്ച നടത്തി. തന്റെ വസതിയിലെത്തിയ ഹില്ലരിയെ സൗഹാർദത്തോടെ സ്വീകരിച്ച സ്യൂചി അവരുടെ സന്ദർശനം ചരിത്ര നിമിഷമാണെന്ന് പറഞ്ഞു. യു.എസ്സുമായുള്ള സഹകരണത്തിലൂടെ മ്യാൻമറിനു ജനാധിപത്യത്തിലെത്താമെന്ന് സ്യൂചി അഭിപ്രായപ്പെട്ടു. രാജ്യത്തെ സൈനിക പിന്തുണയുള്ള പുതിയ സർക്കാർ പരിഷ്കരണദിശയിൽ കൂടുതൽ കാര്യങ്ങൾ ചെയ്യേണ്ടതുണ്ടെന്ന് വിലയിരുത്തിയ അവർ ജനാധിപത്യത്തിലേക്കെത്താൻ ഉടൻ കഴിയുമെന്ന് പ്രതീക്ഷ പ്രകടിപ്പിച്ചു.

നേതാജിയുടെ മരണം: അനിഷേധ്യമായ തെളിവില്ലെന്ന് ലോക്സഭാ സെക്രട്ടേറിയറ്റ്

ന്യൂഡൽഹി: നേതാജി സുഭാഷ് ചന്ദ്രബോസിന്റെ മരണം ഉറപ്പാക്കുന്ന അനിഷേധ്യ തെളിവുകളൊന്നും ഇതുവരെ കിട്ടിയിട്ടില്ലെന്ന് ലോക്സഭ സെക്രട്ടേറിയറ്റ് തിരുത്ത് നൽകി. ലഭ്യമായ വിവരമനുസരിച്ച് നേതാജിയുടെ മരണ ദിവസം എന്ന് പറയപ്പെടുന്ന തീയതി തിരുത്തിയാണ് ഇക്കാര്യത്തിൽ ഇനിയും തെളിവില്ലെന്ന് സെക്രട്ടേറിയറ്റ് മാറ്റി എഴുതിയത്. ഫോർവേഡ് ബ്ലോക്കിന്റെ പ്രതിഷേധത്തെ തുടർന്നാണിത്.

പ്രമുഖ ദേശീയ നേതാക്കളുടെ ആദരണാർഥം ലോക്സഭാ സെക്രട്ടേറിയറ്റ് പുറത്തിറക്കിയ പുസ്തകത്തിൽ നേതാജിയുടെ മരണ ദിവസം 1945 ആഗസ്റ്റ്18 എന്ന് എഴുതിയിരിക്കുന്നു. നേതാജിയുടെ ഛായാപടത്തിനു നൽകിയ ഈ അടികുറിപ്പ് ശരിയല്ലെന്ന് കാണിച്ച് ഫോർവേഡ് ബ്ലോക്ക് എം.പി. ബാരുൺ മുഖർജി ലോക്സഭാ സ്പീക്കർ മീരാകുമാറിന് കത്തെഴുതുകയായിരുന്നു.

നേതാജിയുടെ ജന്മ ദിനം ശരിയാണെന്നും എന്നാൽ മരണം ഇതുവരെ സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ലെന്നും കത്തിൽ പറഞ്ഞിരുന്നു. നേതാജിയുടെ മരണം അന്വേഷിച്ച ജസ്റ്റിസ് മനോജ് കുമാർ മുഖർജി കമ്മീഷൻ 1945 ആഗസ്റ്റ് 18ന് തായ്വാനിലെ തയ്ഹോക്കുവിൽ നടന്നെന്ന് പറയപ്പെടുന്ന വിമാന ദുരന്തത്തിന് തെളിവില്ലെന്ന് കണ്ടെത്തിയ കാര്യവും നേതാജിയുടേതെന്ന് അവകാശപ്പെട്ട് ജപ്പാനിലെ റെൻകോജി ക്ഷേത്രത്തിൽ സൂക്ഷിച്ച ചാരവും എല്ലിൻ കഷണങ്ങളും നേതാജിയുടെതല്ലെന്ന് കമ്മീഷൻ വെളിപ്പെടുത്തിയതും കത്തിൽ സൂചിപ്പിച്ചിരുന്നു. അതിനാൽ പുസ്തകത്തിൽ പറയുന്ന നേതാജിയുടെ മരണ ദിവസം മാറ്റണമെന്നായിരുന്നു മുഖർജി ആവശ്യപ്പെട്ടത്. ഇതനുസരിച്ചാണ് പുസ്തകത്തിലെ വിവരം തിരുത്താൻ ലോക്സഭാ സെക്രട്ടേറിയറ്റ് തയ്യാറായത്. തെറ്റ് പറ്റിയതിൽ ഖേദവും പ്രകടിപ്പിച്ചു.

1945 ആഗസ്റ്റ്18ന് വിമാനാപകടമുണ്ടായ കാര്യവും തകർന്നു വീണ വിമാനത്തിൽ നേതാജി ഉൾപ്പെട്ടിരുന്നുവെന്നും ജപ്പാനിലെ ടോക്കിയോ റേഡിയോയാണ് റിപ്പോർട്ട് ചെയ്തത്. ആ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് നേതാജിയുടെ മരണം 1945 ആഗസ്റ്റ്18ന് എന്ന് പ്രചരിച്ചത്.

മാവോവാദി സ്വാധീന ജില്ലകളിൽ ജവാൻമാരുടെ ബത്ത കൂട്ടി

ന്യൂഡൽഹി: മാവോവാദി സ്വാധീന ജില്ലകളിൽ നിയമിതരായ സി.ആർ.പി.എഫ് ജവാൻമാരുടെ ബത്ത 30 ശതമാനം വർധിപ്പിക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചു. പ്രശ്നമേഖലയിൽ ജോലി ചെയ്യുന്ന സൈനികർക്ക് നൽകിവരുന്ന ബത്തയ്ക്ക് തുല്യമായ തുക തന്നെ ഇനി സി.ആർ.പി.എഫ്.ജവാൻമാർക്കും ലഭിക്കും.

ജാർഖണ്ഡ്, ഛത്തീസ്ഗഢ്, ബിഹാർ, ഒറീസ, മഹാരാഷ്ട്ര, ആന്ധ്ര പ്രദേശ്, മധ്യപ്രദേശ്, ഉത്തർ പ്രദേശ്, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളിലെ 35 ജില്ലകളിൽ നിയമിതരായ ജവാൻമാർക്കാണ് ആദ്യഘട്ടത്തിൽ ആനുകൂല്യം ലഭ്യമാവുക. ഈ ജില്ലകളിൽ ജോലി ചെയ്യുന്ന ബി.എസ്.എഫ്,ഐ.ടി.ബി.പി, ഉദ്യോഗസ്ഥർക്കും ഉത്തരവ് ബാധകമാവും.

നക്സൽ സ്വാധീന സംസ്ഥാനങ്ങളിൽ 93000 ജവാൻമാരെയാണ് കേന്ദ്ര ആഭ്യന്തര മന്ത്രാലയം വിന്യസിച്ചത്.

ജൂഡി ലൂയിസ് അന്തരിച്ചു

ലോസ്ആഞ്ജലിസ്: അമ്മയുടെ മതവിശ്വാസവും താരറാണിയാകണമെന്ന മോഹവും അനാഥയാക്കിയ ബാല്യത്തിൽ നിന്ന് താരമായുയർന്ന ജൂഡി ലൂയിസ് (76) അന്തരിച്ചു. പെൻസിൽവാനിയയിലെ ഗ്ലാഡ്വൈനിൽ വെള്ളിയാഴ്ചയായിരുന്നു അന്ത്യം.

ഹോളിവുഡ് താരങ്ങളായിരുന്ന ലൊറേറ്റ യങ്ങിന്റെയും ക്ലാർക്ക് ഗാബിളിന്റെയും മകളായി ജനിച്ച ജൂഡിയുടെ ബാല്യത്തിലെ ആദ്യ 19 മാസം അനാഥത്വത്തിന്റേതായിരുന്നു. വിവാഹിതനായ ഗാബിളാണ് അവിവാഹിതയായ തന്റെ ഗർഭത്തിനുത്തരവാദി എന്നു പറഞ്ഞ് വിവാദത്തിനിടകൊടുക്കാനുള്ള മടിയും കുഞ്ഞിനെ ഇല്ലായ്മ ചെയ്യാൻ സ്വന്തം മതവിശ്വാസം അനുവദിക്കാത്തതിനാലും മറുനാട്ടിൽ പോയി പ്രസവിക്കുകയായിരുന്നു ലൊറേറ്റ. കുഞ്ഞിനെ അവിടെ ഉപേക്ഷിച്ചു മടങ്ങിയ അവർ 19 മാസത്തിനുശേഷം അവളെ ദത്തെടുത്തു. സ്വന്തം കുഞ്ഞാണ് ജൂഡി എന്ന വിവരം മറച്ചുവെച്ചു.

അച്ഛൻ ക്ലാർക്ക് ഗാബിളിന്റെ വലിയ ചെവികൾ അതുപോലെ കിട്ടിയിരുന്നു മകൾക്ക്. അത് ആളുകളിൽ സംശയമുണർത്താതിരിക്കാൻ ശസ്ത്രക്രിയയിലൂടെ ചെവി ചെറുതാക്കി ലൊറേറ്റ. ജൂഡിയുടെ പതിനഞ്ചാം വയസ്സിൽ ക്ലാർക്ക് മകളെ കാണാനെത്തി. അച്ഛനെന്ന് പറയാതെ നെറുകയിൽ ചുംബിച്ച് മടങ്ങി. പിന്നൊരിക്കലും എത്തിയില്ല.

ലൊറേറ്റ വേറെ വിവാഹം കഴിച്ചു. രണ്ട് കുഞ്ഞുങ്ങൾക്ക് ജൻമം നൽകി. അപ്പോഴും ജൂഡി ദത്തെടുക്കപ്പെട്ടവളായി തുടർന്നു. പിന്നീട് കൂട്ടുകാരൻ ടോം ടിന്നിയാണ് വിവാഹത്തിന് രണ്ടാഴ്ച മുമ്പ് ജൂഡിയോട് അവളുടെ അച്ഛനമ്മമാർ ആരെന്ന് വെളിപ്പെടുത്തിയത്. അപ്പോഴും ലൊറേറ്റ മകളെ സ്വന്തമെന്ന് അംഗീകരിച്ചില്ല. 'അൺകോമൺ നോളജ്' എന്ന പേരിൽ 1994-ൽ പ്രസിദ്ധീകരിച്ച ഓർമക്കുറിപ്പുകളിൽ മാതാപിതാക്കളെ പറ്റി പരാമർശിച്ചതിന്റെ പേരിൽ മൂന്നുവർഷം ജൂഡിയുമായി ലൊറേറ്റ സംസാരിച്ചില്ല. 2000-ൽ ലൊറേറ്റയുടെ മരണശേഷം പുറത്തിറങ്ങിയ ജീവചരിത്രഗ്രന്ഥത്തിലാണ് ഗാബിളുമായുള്ള ബന്ധത്തിലെ കുട്ടിയാണ് ജൂഡിയെന്ന ഔദ്യോഗിക വെളിപ്പെടുത്തലുണ്ടായത്. തന്റെ ഈ വെളിപ്പെടുത്തൽ മരണശേഷമേ പ്രസിദ്ധപ്പെടുത്താവൂ എന്നു ലൊറേറ്റ ഉപാധി വെച്ചിരുന്നു.

സ്കൂൾ വിദ്യാഭ്യാസശേഷം ന്യൂയോർക്കിൽ അഭിനയം പഠിച്ച ജൂഡി 1964 മുതൽ '71വരെ' 'ദ സീക്രട്ട് സ്റ്റോം' എന്ന സീരിയലിൽ അഭിനയിച്ചു. പിന്നീട് ക്ലിനിക്കൽ സൈക്കോളജിയിൽ ഉപരിപഠനം നടത്തിയ അവർ കൗമാരക്കാരുടെയും വിവാഹിതരുടെയും പ്രശ്നങ്ങൾ പരിഹരിക്കുന്ന മനോരോഗ വിദഗ്ധയായി സേവനം ചെയ്തുവരികയായിരുന്നു. മരിയ ടിന്നി ഡിജിറ്റാണ് ജൂഡിയുടെ മകൾ.

ഒമ്പതാംനാളും പാർലമെന്റ് സ്തംഭിച്ചു

പി.എസ്. നിർമല

ന്യൂഡൽഹി: ചില്ലറവ്യാപാര മേഖലയിൽ വിദേശനിക്ഷേപം അനുവദിച്ച കേന്ദ്രസർക്കാർ നടപടിയിൽ പ്രതിപക്ഷത്തിന്റെ പ്രതിഷേധം വെള്ളിയാഴ്ചയും തുടർന്നതോടെ, ഒമ്പതാം ദിവസവും പാർലമെന്റ് സ്തംഭിച്ചു. തുടർന്ന് പാർലമെന്റിന്റെ തിങ്കളാഴ്ചത്തെ സമ്മേളനവും റദ്ദാക്കി.

മുഹറം പ്രമാണിച്ച് ചൊവ്വാഴ്ച അവധിയായതിനാൽ നാലുദിവസത്തെ ഇടവേളയ്ക്കുശേഷം ബുധനാഴ്ചയേ ഇനി പാർലമെന്റ് സമ്മേളിക്കൂ. എന്നാൽ, തിങ്കളാഴ്ചത്തെ സമ്മേളനം റദ്ദാക്കിയതിനു പകരം ഒരു ദിവസം കൂടി സമ്മേളനം നീട്ടി. ഡിസംബർ 22-നാവും ഇനി സമ്മേളനം അവസാനിക്കുക.

നവംബർ 22-ന് തുടങ്ങിയ ശീതകാല സമ്മേളനത്തിൽ പകുതിയും സഭാസ്തംഭനത്തിലാണ് കലാശിച്ചത്. വെള്ളിയാഴ്ച ഇരുസഭകളിലും നേരിട്ടുള്ള വിദേശ നിക്ഷേപമടക്കമുള്ള വിഷയങ്ങൾ ഉന്നയിച്ച് പ്രതിപക്ഷം ബഹളം തുടർന്നു. ബി.ജെ.പി., ഇടത് പാർട്ടികൾ, ജെ.ഡി.യു. , സമാജ്‌വാദി പാർട്ടി തുടങ്ങിയവയോടൊപ്പം ഡി.എം.കെ.യും തൃണമൂലും ഇതിൽ പങ്കുചേർന്നു. ഇതിനിടെ തൃണമൂൽ അംഗങ്ങളുൾപ്പെടെയുള്ളവർ നടുത്തളത്തിലിറങ്ങി.

ലോക്സഭയിൽ സ്പീക്കർ മീരാകുമാർ ചോദ്യോത്തരവേള തുടങ്ങിയപ്പോൾത്തന്നെ സി.പി.എമ്മിലെ ബസുദേവ് ആചാര്യ എഴുന്നേറ്റ് വിദേശനിക്ഷേപപ്രശ്നം ഉന്നയിക്കാൻ ശ്രമിച്ചു. ബി.ജെ.പി.യിലെ മുരളീമനോഹർ ജോഷിയും അദ്ദേഹത്തോടൊപ്പം ചേർന്നു. ഇരുവരും ഈ വിഷയത്തിൽ വെവ്വേറെ അടിയന്തരപ്രമേയങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. തുടർന്നാണ് അംഗങ്ങൾ മുദ്രാവാക്യം വിളി തുടങ്ങിയത്.

അതിനിടെ, മുല്ലപ്പെരിയാർ പ്രശ്നത്തിൽ ഉടൻ പരിഹാരമാവശ്യപ്പെട്ട് കേരള എം.പി.മാരും പ്ലക്കാർഡുകൾ ഉയർത്തി. 'കേരളത്തിനു സുരക്ഷ, തമിഴ്നാടിനു വെള്ളം' എന്നെഴുതിയ പ്ലക്കാർഡുകളാണ് അവർ ഉയർത്തിപ്പിടിച്ചത്.

രാജ്യസഭയിലും സമാനമായ പ്രതിഷേധപ്രകടനം അരങ്ങേറി. അധ്യക്ഷൻ ഹമീദ് അൻസാരി സീറ്റിലിരുന്നയുടനെ പ്രതിപക്ഷം മുദ്രാവാക്യം മുഴക്കി നടുത്തളത്തിലിറങ്ങി. തുടർന്ന് ആദ്യം പന്ത്രണ്ടുവരെ സഭ നിർത്തി. വീണ്ടും ചേർന്നപ്പോൾ ബഹളം തുടർന്നു. ഇതിനിടെ ചില രേഖകൾ മേശപ്പുറത്തു വെക്കാൻ മന്ത്രിമാരോട് ഉപാധ്യക്ഷൻ കെ. റഹ്മാൻ ഖാൻ ആവശ്യപ്പെടുകയും അവരത് വെച്ചതായി പ്രഖ്യാപിക്കുകയും ചെയ്തു. ബഹളം തുടരവെ സഭ പിരിഞ്ഞതായി ഉപാധ്യക്ഷൻ പ്രഖ്യാപിച്ചു.